# കാർഷിക ജൈവവൈവിധ്യ സംരക്ഷണം

ഭാരതത്തിന്റെ കാർഷിക സംസ്കാരത്തിന് ഏകദേശം 4500 മുതൽ 5000 വർഷത്തെ പഴക്കമുണ്ടെന്ന് കരുതപ്പെടുന്നു. നമ്മുടെ ഭക്ഷ്യശൃംഖലയുടെ അടിസ്ഥാനം തന്നെ കാർഷിക ജൈവവൈവിധ്യമാണ്. പ്രാദേശികവും പരമ്പരാഗതവുമായ അറിവും സംസ്കാരവും കാർഷിക ജൈവവൈവിധ്യ പരിപാലനത്തിന്റെ അവിഭാജ്യഘടകങ്ങളായി കണക്കാക്കുന്നത് ഇതിനാലാണ്. നൂറ്റാണ്ടുകളായി കർഷകർ സംരക്ഷിച്ചിരുന്ന സസ്യ–ജന്തുവൈവിധ്യത്തെ അവർ വീണ്ടും നിരീക്ഷണത്തിലൂടെയും നിർധാരണത്തിലൂടെയും മേന്മ വർധിപ്പിച്ചു പുതിയ ഇനങ്ങൾ ഉരുത്തിരിച്ചെടുത്തു. അങ്ങിനെ സാമ്പത്തിക മൂല്യവും, ഭക്ഷ്യ മൂല്യവും, ഔഷധ മൂല്യവുമുള്ള സസ്യ–ജന്തു ജനുസ്സുകളെ തിരഞ്ഞെടുത്തു കൃഷിചെയ്യാൻ തുടങ്ങി.

### വിത്തിന്റെ അവകാശികൾ

ഒരു നാടിന്റെ വിലപ്പെട്ട പൈതൃക സമ്പത്തുകളാണ് അവിടുത്തെ നാടൻ വിത്തിനങ്ങൾ. കർഷകർ ചെയ്തറിവിലൂടെ വികസിച്ചു സങ്കരണത്തിലൂടെ മെച്ചപ്പെടുത്തിയവയാണ് ഈ നാടൻ ഇനങ്ങൾ. ഇതിനുപുറമേ നിരവധി വിത്തിനങ്ങൾ ഭാരതത്തിലെ ഗവേഷണസ്ഥാപനങ്ങളിൽ ഉരുത്തിരിയുന്നുണ്ട്. നാടൻ ഇനങ്ങൾ വികസിപ്പിച്ചെടുത്ത് സംരക്ഷിക്കുന്ന കർഷകർക്കും പുതിയ വിത്തിനങ്ങൾ വികസിപ്പിച്ചെടുക്കുന്ന ഗവേഷകർക്കും ഇവയ്ക്കുമേൽ അവകാശമുണ്ട്. ഈ അവകാശം സംരക്ഷിക്കുകയും ഒപ്പം ഇത്തരം വിത്തിനങ്ങളുടെ സ്രഷ്ടാക്കൾക്കും സംരക്ഷകർക്കും വേണ്ട പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഭാരത സർക്കാർ വിളയിനങ്ങളുടേയും കർഷകന്റെ അവകാശങ്ങളുടേയും സംരക്ഷണ നിയമതിന് (Protection of Plant Varieties and Farmers Right Act 2001 PPV& FR Act 2001) രൂപം നൽകിയത്.



### സസ്യ ഇനങ്ങളുടേയും, കർഷക അവകാശങ്ങളുടേയും സംരക്ഷണ നിയമം,2001

സസ്യജനിതക വിഭവങ്ങളെ സംരക്ഷിച്ചു നിലനിർത്തുന്നതിനും, മെച്ചപ്പെടുത്തുന്നതിനും, പുതിയ സസ്യ ഇനങ്ങളുടെ വികസനത്തിനായി ഈ വിഭവങ്ങളെ ലഭ്യമാക്കുന്നതിനും, തൽഫലമായി രാജ്യത്തിന്റെ സത്വരമായ കാർഷിക വികസനം സാധ്യമാക്കുന്നതിനും കർഷകർ നൽകിയ വിലമതിക്കാനാകാത്ത സംഭാവനകളെ അംഗീകരിക്കുകയും അവരുടെ അവകാശങ്ങളെ സംരക്ഷിക്കുകയും ചെയ്യേണ്ടതിന്റെ അനിവാര്യത മനസ്സിലാക്കികൊണ്ടും, ബ്രീഡർ/ജനിതകരുടെ അവകാശങ്ങളെ സംരക്ഷിക്കുന്നതിലൂടെ പുതിയ സസ്യ ഇനങ്ങളുടെ വികസനത്തിനായുള്ള ഗവേഷണ–വികസന പ്രവർത്തനങ്ങളിൽ പൊതുമേഖലാ–സ്വകാര്യ നിക്ഷേപങ്ങൾ ഉറപ്പാക്കുന്നതിനും വേണ്ടിയാണ് ഈ നിയമനിർമ്മാണം നടത്തിയത്.

ഈ നിയമം അനുസരിച്ച് ഒരു സസ്യയിനത്തിന്റെ ജനിതകൻ/ബ്രീഡർക്കോ, അയാളുടെ അനന്തരാവകാശിക്കോ, അയാൾ നിയമപരമായി ചുമതലപ്പെടുത്തി അവകാശങ്ങൾ മൈകാറിയിട്ടുള്ള മറ്റൊരു വ്യക്തിക്കോ, സസ്യഇനങ്ങൾ വകസിപ്പിച്ചെടുത്ത കർഷകർക്കോ, കർഷകരുടെ സംഘങ്ങൾക്കോ, കർഷകരുടെ സമുദായങ്ങൾക്കോ, സർവ്വകലാശാലകൾക്കോ, പൊതുമേഖലാ കൃഷി ഗവേഷണ കേന്ദ്രങ്ങൾക്കോ രജിസ്ട്രേഷൻ നേടാനുള്ള അപേക്ഷ സമർപ്പിക്കാം.

കർഷകർ വികസിപ്പിച്ചെടുത്ത ഇനങ്ങൾ (Farmers varieties), പുതിയതായി കണ്ടുപിടിക്കപ്പെട്ട നിലവിലുള്ള ഇനങ്ങൾ (Extant varieties), പുതിയ ഇനങ്ങൾ (New varieties), അടിസ്ഥാനപരമായി മറ്റൊരു ഇനത്തിൽ നിന്നും വികസിപ്പിച്ചെടുത്ത ഇനങ്ങൾ (Essentially derived varieties) തുടങ്ങിയവയെല്ലാം ഈ നിയമത്തിന് കീഴിൽ രജിസ്റ്റർ ചെയ്യാം.

ഒരു സസ്യ ഇനത്തിന് രജിസ്ട്രേഷൻ ലഭിക്കണമെങ്കിൽ പുതുമ (Novelty), വ്യതിരിക്തത (Distinctiveness), ഐക്യരൂപ്യം (Uniformity), സുസ്ഥിരിത (Stability) എന്നീ ഗുണങ്ങൾ അഥവാ DUS അതിനുണ്ടെന്ന് തെളിയിക്കണം.

നിശ്ചിത ഫോറത്തിൽ തയ്യാറാക്കിയ അപേക്ഷയുടെ മൂന്ന് പകർപ്പുകൾ സസ്യ ഇനങ്ങളുടേയും കർഷക അവകാശങ്ങളുടേയും സംരക്ഷണ അധികാര കേന്ദ്രത്തിന്റെ (പ്രൊട്ടക്ഷൻ ഓഫ് പ്ലാന്റ് വെറൈറ്റിസ് ആന്റ് ഫാർമേഴ്സ് റൈറ്റ്സ് അതോറിറ്റി/ PPV & FRA) രജിസ്ട്രാർ ജനറലിന് സമർപ്പിക്കണം.



ഒരു രജിസ്റ്റർ ചെയ്ത മരം/വള്ളിചെടി ഇനത്തിനു ലഭിക്കുന്ന രജിസ്ട്രേഷന്റെ കാലാവധി രജിസ്ട്രേഷന്റെ ദിവസം തൊട്ടു പരമാവധി 18 വർഷവും, മറ്റിനങ്ങൾക്ക് ലഭിക്കുന്നത് പരമാവധി 15 വർഷവും ആണ്. എന്നാൽ പുതുതായി കണ്ടുപിടിക്കപ്പെട്ട നിലവിലുള്ള ഇനങ്ങളുടെ പരമാവധി സംരക്ഷണകാലാവധി പ്രസ്തുത ഇനത്തിന്റെ രജിസ്ട്രേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് വന്ന കേന്ദ്ര സർക്കാർ വിജ്ഞാപനത്തിന്റെ ദിവസംതൊട്ട് 12 വർഷവുമാണ്. മരം/ വള്ളിചെടികളുടെ രജിസ്ട്രേഷൻ ഓരോ 9 വർഷവും, മറ്റിനങ്ങളുടെ രജിസ്ട്രേഷൻ ഓരോ 6 വർഷവും പുതുക്കേണ്ടതാണ്.

## നിയമപ്രകാരമുള്ള അവകാശങ്ങൾ

### കർഷകന്റെ അവകാശങ്ങൾ

1. വിളയിനങ്ങൾ വികസിപ്പിച്ച ഒരു ഗവേഷകന് ലഭിക്കുന്ന അതേ വിധത്തിലുള്ള രജിസ്ട്രേഷനും, പരിരക്ഷയും പുതിയയിനം വികസിപ്പിച്ച കർഷകനും ഉണ്ടായിരിക്കും.
2. നിലവിലുള്ള ഇനമെന്ന നിലയിലും (Extant Variety) കർഷകരുടെ ഇനങ്ങൾ രജിസ്റ്റർ ചെയ്യാം.
3. ഈ നിയമം നിലവിൽ വരുന്നതിന് മുൻപേ എങ്ങനെയായിരുന്നോ അതുപ്രകാരം തന്നെ PPV & FR നിയമപ്രകാരവും സംരക്ഷിക്കപ്പെട്ട ഇനങ്ങളെ കർഷകന് കരുതിവയ്ക്കുകയോ ഉപയോഗിക്കുകയോ, വിത്തുൾപ്പെ

ടെയുള്ള കാർഷികോൽപ്പന്നങ്ങളെ വിൽക്കുകയോ ചെയ്യാം. എന്നാൽ PPV&FR Act 2001 പ്രകാരം സംരക്ഷിക്കപ്പെട്ട ഒരു ഇനത്തിന്റെ ബ്രാന്റ് ചെയ്ത വിത്ത് വിൽപ്പന നടത്താൻ കർഷകന് അർഹതയുണ്ടായിരിക്കുന്നതല്ല.

4. നാടൻ വിളയിനങ്ങൾ, വാണിജ്യപ്രാധാന്യമുള്ള അവയുടെ വന്യബന്ധുക്കൾ എന്നിവയെ സംരക്ഷിക്കുന്ന കർഷകർക്ക് അംഗീകാരത്തിനും പ്രതിഫലത്തിനും അർഹതയുണ്ടായിരിക്കും.
5. നിയമത്തിലെ സെക്ഷൻ 39 (2) അനുസരിച്ച് ഒരിനത്തിന്റെ കൃഷിയിടത്തിലെ വിള പ്രകടനം മോശമായാൽ അതിന് കർഷകന് നഷ്ടപരിഹാരം ലഭിക്കാൻ അർഹതയുണ്ട്.
6. PPV& FR അതോറിറ്റി, ട്രൈബ്യൂണൽ ഹൈക്കോർട്ട് എന്നിവരുമായി ബന്ധപ്പെട്ട് നടക്കാനിടയുള്ള നിയമനടപടികളിൽ കർഷകൻ ഫീസ് ഒന്നും കൊടുക്കാൻ ബാധ്യസ്ഥനല്ല.

### ജനസമൂഹത്തിന്റെ അവകാശങ്ങൾ

1. ഈ നിയമത്തിന് കീഴിൽ രജിസ്റ്റർ ചെയ്ത ഒരിനത്തിന്റെ വികാസത്തിന് പിന്നിൽ നിർണ്ണായകമായ സംഭാവന നൽകിയ സമൂഹത്തിന് നഷ്ടപരിഹാരത്തിന് അർഹതയുണ്ട്.
2. ഏത് വ്യക്തിക്കും/കൂട്ടായ്മയ്ക്കും/ ഗവൺമെന്റ് അല്ലെങ്കിൽ ഗവൺമെന്റേതര സംഘടനകൾക്കും ഒരു ഗ്രാമത്തേയോ പ്രാദേശിക സമൂഹത്തേയോ പ്രതിനിധീകരിച്ച് എത് നോട്ടിഫൈഡ് സെന്ററിലും പുതിയ ഇനം ഉരുത്തിരിച്ചതുമായി ബന്ധപ്പെട്ട അവകാശവാദം ഫയൽ ചെയ്യാവുന്നതാണ്.

### വിത്തിനങ്ങൾ ഉരുത്തിരിച്ചെടുക്കുന്ന ഗവേഷകരുടെ (Breeders) അവകാശങ്ങൾ

1. നിയമമനുസരിച്ച് രജിസ്ട്രേഷനുള്ള വിത്തിനം ഉൽപാദിപ്പിക്കാനും, വിൽക്കാനും, വ്യാപാരം ചെയ്യാനും, വിതരണം നടത്താനും, ഇറക്കുമതിയോ കയറ്റുമതിയോ ചെയ്യാനുമുള്ള പൂർണ്ണ അവകാശം
2. ബ്രീഡർക്ക് ഒരു ഏജന്റിനെ/ ലൈസൻസിയെ നിയമിക്കാവുന്നതും അദ്ദേഹത്തിന്റെ അവകാശങ്ങൾ ലംഘിക്കപ്പെട്ടാൽ സിവിൽ നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

### നാഷണൽ ജീൻ ഫണ്ട്

ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്ത ഇനങ്ങളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന നേട്ടം തത്തുല്യമായി പങ്കു വയ്ക്കുന്നതിന്റെ ഭാഗമായുള്ള ധനലാഭം, PPV & FR അതോറിറ്റിയ്ക്ക് റോയൽറ്റി ഇനത്തിൽ ലഭിക്കുന്ന വാർഷിക ഫീസ്, ബ്രീഡർമാർ ഡെപ്പോസിറ്റ് ചെയ്യുന്ന നഷ്ടപരിഹാരത്തുക, ദേശീയ അന്തർദേശീയ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന സംഭാവന മുതലായവ ഡെപ്പോസിറ്റു ചെയ്യുന്നതിനായി അതോറിറ്റി ഒരു നാഷണൽ ജീൻ ഫണ്ടിന് രൂപം നൽകിയിട്ടുണ്ട്.

### ജീൻ ഫണ്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് ഉപയോഗിക്കപ്പെടും.

1. വിത്തിനങ്ങളുമായി ബന്ധപ്പെട്ട നേട്ടങ്ങൾ പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഏത് തുകയും.
2. കർഷകർക്കും/കർഷക കൂട്ടായ്മകൾക്കും കൊടുക്കേണ്ട നഷ്ടപരിഹാര തുക
3. വിത്തിനങ്ങൾ കൃഷിയിടത്തിലും അല്ലാതെയും സംരക്ഷിക്കുന്നതിനും വിവേചനപൂർണ്ണമായി ഉപയോഗിക്കുന്നതിനുമുള്ള സംവിധാനങ്ങൾ പഞ്ചായത്തുതലത്തിൽ രൂപപ്പെടുത്തുന്നതിന്.
4. വിത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട നേട്ടങ്ങൾ പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികളുടെ ചെലവിന്.



കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
കൈലാസം, റ്റി.സി. 4/1679–(1), നം. 43,
ബെൽഹെവൻ ഗാർഡൻസ്, കവടിയാർ പി.ഒ.,
തിരുവനന്തപുരം 695003 ഫോൺ: 04712724740
www.keralabiodiversity.org
keralabiodiversity@gmail.com



# കാർഷിക ജൈവവൈവിധ്യ സംരക്ഷണം

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

2020